Page 1 of 2

(ബി) ഈ സാഹചര്യത്തിൽ ആഭ്യന്തര ടൂറിസത്തിന് കൂടുതൽ പ്രാധാന്യം നൽകി പ്രസ്തുത മേഖലയെ കൈപിടിച്ചുയർത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് വ്യാപനത്തിന്റെ ഫലമായി വിദേശ സഞ്ചാരികൾക്ക് പല രാജ്യങ്ങളും വിലക്കേർപ്പെടുത്തിയതിനാൽ ആഭ്യന്തര സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായി സമൂഹമാധ്യമങ്ങളിലൂടെയും അച്ചടി മാധ്യമങ്ങളിലൂടെയും പ്രചരണ പരിപാടികൾ നടത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) രണ്ടാം കോവിഡ് തരംഗം അവസാനിക്കുമ്പോൾ ടൂറിസം മേഖലയിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് വകുപ്പ് ഇതിനകം തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

കോവിഡ് വ്യാപനം അവസാനിക്കുമ്പോൾ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം മേഖലയിലെ വിദഗ്ധരുമായി കൂടിയാലോചനകൾ നടത്തി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

(ഡി) ടൂറിസം വഴി പ്രദേശവാസികൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ടൂറിസം വഴി തദ്ദേശീയരായവർക്ക് കൂടുതൽ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം പദ്ധതി മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി കൂടുതൽ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

ഇക്കോ ടൂറിസം പദ്ധതികൾ

120 (869) ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

നിലവിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ടി മേഖലയിൽ നടത്തി വരുന്നുണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമാംവിധം ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ പശ്ചാത്തല വികസന പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിവരുന്നു. കൂടാതെ ഓൺലൈൻ ടിക്കറ്റിംഗ് സംവിധാനംവഴി മുൻകൂട്ടി ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതിനും സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി പൊതു ജനങ്ങൾക്ക് അവരുടെ സൗകര്യമനുസരിച്ച് ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരം കൈവന്നിട്ടുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശക വാഹകശേഷി പഠനം നടത്തിവരുന്നുണ്ട്. ആയതുപ്രകാരം പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തി ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും അതോടൊപ്പം സുരക്ഷാ പഠനം (safety audit) നടത്തി സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ വനാശ്രിത സമൂഹത്തിന്റെ ശാക്തീകരണത്തിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമുള്ള കാര്യങ്ങൾ അതിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ വനാശ്രിത സമൂഹത്തിന്റെ ശാക്തീകരണത്തിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമുള്ള കാര്യങ്ങൾ അതിൽ ഉൾപ്പെടുത്തിയാണ് നിലവിൽ അവ നടപ്പിലാക്കി വരുന്നത്.

(സി) ഇക്കോ ടൂറിസം മേഖലയിലെ ഗൈഡുമാരായി ആദിവാസി യുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. അതാത് പ്രദേശങ്ങളിലെ വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മയായ വനസംരക്ഷണ സമിതികൾ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ ഉൾപ്പെടുന്ന വനം വകുപ്പിന്റെ വികസന ഏജൻസികൾ (FDA) വഴിയാണ് ഇവർക്ക് പരിശീലനം നൽകിവരുന്നത്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS) എന്നിവയുടേയും സഹകരണത്തോടെ ഭാഷാ നൈപുണ്യം, ഇക്കോ ഫ്രണ്ട്ലി പ്രോഗ്രാമുകൾ, വനമേഖലയിലെ സസ്യജന്തുജാലങ്ങളെ തിരിച്ചറിയൽ, സന്ദർശകരോടുള്ള പെരുമാറ്റത്തെ സംബന്ധിച്ച വ്യക്തിത്വ വികസന പരിശീലനം, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് മുതലായ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly